പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 242 — 28.06.2016 -ൽ മറുപടിക്ക്.

## ഒരു രൂപയ്ക്ക് അരി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.തോമസ്**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ.എം. വിൻസെന്റ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും പൊതു വിതരണവും വകുപ്പ് മന്ത്രി)** |
| (എ) ഒരു രൂപയ്ക്ക് അരി റേഷനായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്ക് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി 2011 സെപ്റ്റംബർ 1 മുതൽ ആരംഭിച്ചു. എന്നാൽ 02.03.2016 ലെ സ.ഉ.(കൈ) നം.3/2016/ഭ.പൊ.വി.വ. ഉത്തരവു പ്രകാരം ബി.പി.എൽ, എ.എ.വൈ. കുടുംബങ്ങൾക്കുള്ള അരി വിതരണം 2016 ഏപ്രിൽ മുതൽ സൗജന്യമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനായത് ; | (ബി) ദാരിദ്ര്യവിമുക്തകേരളം എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ടി പദ്ധതി ആരംഭിച്ചത്. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ., എ.എ.വൈ. കുടുംബങ്ങൾക്ക് പദ്ധതി ആശ്വാസമായി. അരിയുടെ വിലക്കയറ്റം തടയുന്നതിന് സഹായകരമായി. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) കേന്ദ്രം അനുവദിക്കുന്ന അരിയ്ക്ക് സംസ്ഥാനത്തിന് സബ്സിഡി ഇനത്തിൽ ചിലവാകുന്ന തുക എഫ്.സി.ഐ. യിൽ മുൻകൂറായാണ് ഒടുക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന അരി വിഹിതമുപയോഗിച്ച് ബി.പി.എൽ. വിഭാഗത്തിന് മാസം 25 കി.ഗ്രാം വീതം അരി നൽകുന്നതിന് തികയാത്തതിനാൽ അധിക വിഹിതം (Adhoc) കേന്ദ്രത്തിൽ നിന്ന് ലഭ്യമാക്കിയാണ് 25 കി.ഗ്രാം അരി വീതം ബി.പി.എൽ വിഭാഗങ്ങൾക്ക് നൽകി വരുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) ദാരിദ്ര്യവിമുക്തകേരളം എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ടി പദ്ധതി ആരംഭിച്ചത്. വിലക്കയറ്റം തടയുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ/ എ.എ.വൈ വിഭാഗത്തിൽപ്പെട്ട ഏകദേശം 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് അരി വിതരണം നടത്തുന്നതിനും സാധിച്ചു. |

സെക്ഷൻ ഓഫീസർ